മിസ്റ്റർ എം. ഒ. തോമക്കുട്ടി: തക്കം വന്നാൽ അതു തീക്കേണ്ട ചുമതല ഗവമ്മെണ്ടിനു് ഇല്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവമ്മെണ്ടു വാടക നിശ്ചയിച്ചു. അവരിനി സംഖ്യ മേടിക്കേണ്ടതേയുള്ളു.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: തക്കംവന്നാൽ റെണ്ടു് കൺട്രോളറുടെ വിധിയല്ലെ അവസാന തീരുമാനം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ കാര്യത്തിൽ അങ്ങിനെയാണൊ എന്നറിയുകയുല്ല.

Mr. A. Eachara Menon (*Chittur-Tattamangalam*): When was this order to see that the rent should be paid without delay, passed?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഡേയിറ്റു് പറയണമെങ്കിൽ നോട്ടീസ്സു് വേണം.

മിസ്റ്റർ പി. കെ. ഡീവർ: ഈ വാടക ഫെയറാണൊ എന്നു തീരുമാനിക്കുന്നതാരാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മുനിസിപ്പൽ കമ്മീഷണരും ഡെപ്യൂട്ടി ഡെപ്യൂട്ടി ഓഫീസരും മറ്റും കൂടിയാണു തീരുമാനിക്കുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: അങ്ങിനെ തീർച്ചയാക്കിയ വാടക ആരെങ്കിലും Refuse ചെയ്തിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സി. എന്നു ഉത്തരത്തിൽ മൂന്നു ഏഴുകൂടി എന്നു പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: കൂടുതൽറെന്റു് കിട്ടാൻ വേണ്ടിയല്ലെ അവർ സംഖ്യ മേടിക്കാതെയിരിക്കുന്നതു്? അതു വാങ്ങിക്കണമെന്നു അവരെ നിർബ്ബന്ധിക്കാൻ ഗവമ്മെണ്ടിനധികാരമില്ലെ? അങ്ങിനെവാങ്ങിയില്ലെങ്കിൽ ആ കുറ്റത്തിനു ശിക്ഷയായി സംഖ്യ ഗവമ്മെണ്ടിലേയ്ക്കു മുതൽകൂട്ടരുതെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൂടുതൽ വാടകവെണമെന്നു പറയുന്നതു് വെറും ആഗ്രഹം മാത്രമാണു്. ബഹുമാനപ്പെട്ട മെമ്പറുടെ സജഷൻ സ്വീകരിക്കണമെങ്കിൽ ആഗ്രഹം കുറുകരമാക്കണം.

മിസ്റ്റർ പി. കെ. ഡീവർ: ആഗ്രഹമല്ല. പോരാ എന്നല്ലെ പറയുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പോരാ എന്നുള്ളതു ആഗ്രഹമാണു്. ആ ആഗ്രഹം കുറുകരമാക്കിയാലേ നടപടി എടുക്കാൻ പാടുള്ളു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: എത്ര സംഖ്യ വരും, വാങ്ങാത്തതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ൪൦,൦൦൦ രൂപയുണ്ടു്.

മിസ്റ്റർ എം ഒ. തോമക്കുട്ടി: അവർ മേടിച്ചുകൊണ്ടുപോയില്ലെങ്കിൽ അതിനുള്ള നിവൃത്തിമാർഗ്ഗം ഉണ്ടാക്കരുതെ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻടിമേഷൻ കൊടുത്തിട്ടുണ്ടു്.

WAITING SHED AT KANJANI

247. മിസ്റ്റർ ടി. കെ. എൽ കുഞ്ഞുവറീതു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവമ്മെണ്ടു് മറുപടി പറയാമോ.—

(എ) കാഞ്ഞാണിയിൽ ബസ്സുയാത്രക്കാരുടെ അവശ്യാർത്ഥം ഒരു വെയിറ്റിംഗ് ഷെഡ്ഡു് പണി കഴിപ്പിക്കുന്നതിനു ഏതുമാസത്തിൽ ആണു് സംഖ്യ അനുവദിച്ചിട്ടുള്ളതു്;

(ബി) ഇതേവരെ വെയിറ്റിംഗ് ഷെഡ്ഡിന്റെ പണി ആരംഭിക്കാത്തതു് എന്തുകൊണ്ടാണു്;

(സി) ഈ കൊല്ലം ആയതു് പണിയുന്നതിനു് ഉദ്ദേശിച്ചിട്ടുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ.

(എ) ൧൯൪൭ ഏപ്രിൽ മാസത്തിൽ.

(ബി) വെയിറ്റിംഗ് ഷെഡ്ഡു് പണിയേണ്ടതായ സ്ഥലം തിരഞ്ഞെടുക്കുന്നതിൽ കാലതാമസം നേരിട്ടതുകൊണ്ടാണു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കൊല്ലം ലാണ്ട് അകപിസിഷൻ പൂത്തിയാക്കുന്നുണ്ട്. ഷെഡ്ഡ് ഫ്രഫനലെ ബഡ്ഡറിൽ വക കൊള്ളിച്ചതിനുശേഷം പണിയുവാനാണ് ഉദ്ദേശിക്കുന്നത്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്: വെയിറ്റിംഗ് ഷെഡ് ആവശ്യമാണെന്നു കണ്ടതുകൊണ്ടല്ലെ കഴിഞ്ഞ മീനമാസത്തിൽ സപ്ലിമെൻറി ഗ്രാൻഡ് പാസ്സാക്കിയത്?

റാവുബഹദൂർ ടി. കെ. നായർ: അതെ.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്: അതു ഇനിയും നടപ്പിൽ വരുത്താൻ കാലതാമസമെന്താണ്?

റാവുബഹദൂർ ടി. കെ. നായർ: അതിനുള്ള കാരണം (ബി) എന്ന ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്: അതാതു കൊല്ലം അനുവദിക്കുന്ന പണം അതാതു കൊല്ലത്തിൽതന്നെ ചിലവു ചെയ്യേണ്ടതല്ലെ?

റാവുബഹദൂർ ടി. കെ. നായർ: ഈവക പണികൾക്കു പലപ്പോഴും കാലതാമസം വരും. ഈ വെയിറ്റിംഗ് ഷെഡ് പണിയാൻ ഒരു സ്ഥലം ആദ്യം വാങ്ങാൻ നിശ്ചയിച്ചു. അകപിസിഷനു പോയപ്പോൾ ആ സ്ഥലമല്ല വേറൊരു സ്ഥലമാണു അതിലും കൂടുതൽ സൌകര്യമുള്ളതു് എന്നു് വേറൊരു ഡിപ്പാർട്ടുമെണ്ടുകാർ റിപ്പോർട്ടു ചെയ്തു. ആദ്യത്തേതിനു് അകപിസിഷൻ ചാർജ്ജു് സാർ രൂപയും രണ്ടാമത്തേതിനു് 8,000 രൂപയുമാണു്. അങ്ങിനെ അങ്ങോട്ടും ഇങ്ങോട്ടും പിടിയും വലിയുമായി. രണ്ടാമത്തെ അഭിപ്രായത്തോടു ദിവാൻപേഷ്കാർ യോജിച്ചു. 8,000 രൂപാ മാത്രമേ ഇതിനു് അലാട്ടുമെൻറ് ഉണ്ടായിരുന്നുള്ളു. അപ്പോൾ ആ സ്ഥലം വേണമോ എന്നു സംശയമായി. അപ്പോഴേക്കും ആ കൊല്ലം അവസാനിച്ചു. ഞാൻ സ്ഥലത്തുപോയി നോക്കിയപ്പോൾ ആദ്യത്തെ സ്ഥലം മതിയെന്നു് തീർച്ചയാക്കി. പക്ഷെ കൊല്ലം കഴിഞ്ഞതുകൊണ്ടു് അതിനു പണമില്ലാതായി. എതായാലും ഇക്കൊല്ലത്തിൽതന്നെ അകപിസിഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

മിസ്റ്റർ ജോസ് കെ. വട്ടിസ്സ്: എതായാലും പണി നടക്കാത്ത സ്ഥിതിക്ക് ഇരിങ്ങാലക്കുടയിൽനിന്നു തൃശ്ശിവപേരൂക്കു പോകുന്ന വഴിയിൽ ഉടനകത്തും ഒരു വെയിറ്റിംഗ് ഷെഡ് പണിയാമോ?

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: രണ്ടുദ്യോഗസ്ഥന്മാർ തമ്മിൽ ഇങ്ങനെ പിടിയും വലിയുമായാൽ കാര്യമെങ്ങിനെ നടക്കും?

റാവുബഹദൂർ ടി. കെ. നായർ: പിടിയും വലിയുമൊന്നുമുണ്ടായില്ല. അഭിപ്രായവ്യത്യാസമുണ്ടായിയെന്നു മാത്രമേയുള്ളു.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ബഹുമാനപ്പെട്ട മന്ത്രി അങ്ങിനെ പറഞ്ഞു കേട്ടു; അതാണ് ചോദിച്ചതു്.

റാവുബഹദൂർ ടി. കെ. നായർ: ഞാൻ പറഞ്ഞതിൽനിന്നു് പിടിയും വലിയുമാണുണ്ടായതെന്നു തെറ്റിദ്ധരിക്കുമെന്നു ഞാൻ വിചാരിച്ചില്ല. അഭിപ്രായവ്യത്യാസമുണ്ടായിയെന്ന അർത്ഥത്തിൽ പറഞ്ഞു എന്നേയുള്ളു.

GOVERNMENT SERVANTS—QUARTERS—PROVIDING OF

248. Mr. Parambi Lonappen *(Irinjalakkuda)*: Will Government be pleased to state what action they have taken, since they introduced the Rent Control Order in 1117, to provide quarters for their own subordinates thus easing the housing problem in Ernakulam ?

Rao Sahib K. Ayyappan *(Minister for Public Works)*: A scheme for providing residential quarters to low-paid Government employees has been included in the Government's postwar development programme. The proposal is to construct quarters at Ernakulam and Trichur in the first instance, and to extend the scheme to other taluk head-quarters and Mattancheri subsequently. A cost report has been prepared for the construction of quarters at Ernakulam and Trichur. To ascertain what is being done elsewhere with regard to this matter, the Governments of Madras, Mysore and Travancore have been addressed to know whether those Governments have provided quarters to their employees or whether there is at least any such scheme under contemplation. Their replies are awaited.

LIBRARY ARCHIVES Kerala Legislative Assembly